എ.വൈ.ആർ

വിശ്വാസത്തെ അനിവാര്യമാക്കുന്ന ഒന്നല്ല ദിവ്യാത്ഭുതം. ദിവ്യാത്ഭുതം കണ്ടാലും ചിലർ വിശ്വാസികളാവുകയില്ല. ചിലർക്ക് അതു കണ്ട ശേഷം വിശ്വസിക്കാൻ അവസരം ലഭിക്കണമെന്നുമില്ല. അത്ഭുതം കണ്ട് വിസ്മയിച്ചിട്ടല്ല സത്യവിശ്വാസം കൈക്കൊള്ളേണ്ടത്; ബുദ്ധിപരമായ തെളിവുകളിലൂടെയും ന്യായങ്ങളിലൂടെയും ബോധ്യപ്പെട്ടിട്ടാണ്. വിശുദ്ധ ഖുർആന്റെ സന്ദേശങ്ങളും അത് പ്രബോധനം ചെയ്യുന്ന പ്രവാചകന്റെ വിശുദ്ധ ജീവിതവും അവർക്കു മുമ്പിൽ അവതരിപ്പിക്കുന്നത് അത്തരം തെളിവുകളാണ്.



## ആമുഖം

മുസ്ഹഫിൽ 26-ാം സൂക്തമായി ക്രോഡീകരിച്ചിട്ടുള്ള ഈ സൂറ അവതരണക്രമമനുസരിച്ച് 47-ാമത്തേതാണ്. സൂറ *അൽവാഖിഅ*ക്കു ശേഷം സൂറ *അന്നംലി*നു മുമ്പായിട്ടാണിത് അവതരിച്ചതെന്ന് ചരിത്രകാരന്മാർ പറയുന്നു. وَالشُّعَرَاءُ يَتَّبِعُهُمُ الْغَاوُونَ എന്ന 224-ാം സൂക്തത്തിൽനിന്ന് സ്വീകരിക്കപ്പെട്ടതാണിതിന്റെ നാമം. ഔദ്യോഗിക നാമം *അശ്ശുഅറാഅ്* എന്നാണെങ്കിലും സൂറ *ത്വാ-സീൻ-മീം* എന്നും സൂറ *അൽജാമിഅ* എന്നും ഇതറിയപ്പെടുന്നുണ്ട്. സൂറയിലെ പ്രഥമ സൂക്തമാണ് ത്വാ-സീൻ-മീം. *അൽജാമിഅ* എന്ന നാമകരണത്തിനാധാരം, ശരീഅത്തോടു കൂടി ആഗതരായ എല്ലാ പ്രവാചകന്മാരും ഈ സൂറയിൽ പരാമർശിക്കപ്പെട്ടിരിക്കുന്നു എന്നതാണെന്ന് പറയപ്പെടുന്നു.

മുഹമ്മദീയ പ്രവാചകത്വത്തിന്റെ 5 മുതൽ 9 വരെ വർഷങ്ങൾക്കിടയിൽ ഈ സൂറ അവതരിച്ചു എന്നാണ് പൊതുവിൽ കരുതപ്പെടുന്നത്. അതായത്, പ്രവാചകന്റെ മക്കാ ജീവിതത്തിന്റെ മധ്യകാലഘട്ടത്തിൽ. ഇതിലെ 224 മുതൽ അവസാനത്തെ 227-ാം സൂക്തം വരെയുള്ള ഭാഗം മദീനയിലവതരിച്ചതാണെന്ന് ചിലർ അഭിപ്രായപ്പെടുന്നുണ്ട്. പ്രസ്തുത സൂക്തങ്ങളിൽ വിശ്വാസികളും അവിശ്വാസികളുമായ കവികളെ പരാമർശിക്കുന്നുവെന്നും ഈ രണ്ടു തരം കവികളും കാര്യമായി ഉണ്ടായിരുന്നത് മദീനയിലാണെന്നുമാണ് അതിന് ഉന്നയിക്കപ്പെടുന്ന ന്യായം. ഈ ന്യായം ബാലിശമാണ്. വിശ്വാസികളും അവിശ്വാസികളുമായ കവികൾ മക്കയിലും ഉണ്ടായിരുന്നുവെന്നത് ചരിത്ര വസ്തുതയാണ്. നദ്റുബ്നു ഹാരിസ്, ഔറാഅ് ബിൻത് ഹർബ് (അബൂലഹബിന്റെ ഭാര്യ) തുടങ്ങിയവർ അക്കൂട്ടത്തിൽ പ്രസ്താവ്യരാകുന്നു. 224-ാം സൂക്തം സൂചിപ്പിക്കുന്ന 'കവികൾ' ഇവർ തന്നെയാണെന്നും ചില പണ്ഡിതന്മാർക്ക് അഭിപ്രായമുണ്ട്. അതുപോലെ വിശ്വാസികൾക്കിടയിലും ചില കവികളുണ്ടായിരുന്നു. ഖുറൈശികളുടെ പ്രവാചക വിരോധവും സത്യനിഷേധവും ശക്തമായി നടമാടിയിരുന്ന കാലയളവിലാണ് സൂറ അവതരിക്കുന്നത്. ഏകദൈവവിശ്വാസത്തെക്കുറിച്ച് അവധാനതയോടെ ആലോചിക്കാനോ ഖുർആൻ ശ്രദ്ധിച്ചുകേൾക്കാനോ അതു മുന്നോട്ടുവെക്കുന്ന ധർമശാസനകളുടെ യാഥാർഥ്യത്തെക്കുറിച്ച് ചിന്തിക്കാനോ ഒന്നും അവർ തയാറായിരുന്നില്ല. മുസ്‌ലിംകളെ പരമാവധി മർദന പീഡനങ്ങൾക്കിരയാക്കിയും കഴിയുമെങ്കിൽ പ്രവാചകനെ ശാരീരികമായി ഇല്ലാതാക്കിയും ഇസ്‌ലാമിനെ തുടച്ചുനീക്കാൻ ശ്രമിക്കുകയായിരുന്നു അവർ. പ്രവാചകനിലും ഖുർആനിലും വിശ്വസിക്കണമെങ്കിൽ അനിഷേധ്യമായ ദിവ്യാത്ഭുതങ്ങൾ- معجزات -കാണിച്ചുതരണമെന്നായിരുന്നു അവരുടെ ശാഠ്യം. മരുഭൂമിയെ മലർവാടിയാക്കുക, പ്രവാചകന് കനകക്കൊട്ടാരമുണ്ടാവുക, അദ്ദേഹം അവരുടെ കൺമുമ്പിൽ ആകാശത്തേക്ക് കയറിപ്പോയി അവർക്ക് വായിക്കാവുന്ന വേദപുസ്തകവുമായി ഇറങ്ങിവരിക തുടങ്ങിയ അത്ഭുതങ്ങളാണ് അവരാവശ്യപ്പെട്ട ദിവ്യാത്ഭുതങ്ങൾ. ഇതൊന്നുമല്ലെങ്കിൽ അവിശ്വാസികളെ താക്കീതു ചെയ്യുന്ന ദൈവശിക്ഷ അവരുടെ മേൽ സംഭവിച്ചു കാണണം, അല്ലെങ്കിൽ മരിച്ചവർ ഉയിർത്തെഴുന്നേറ്റുവരുന്നതു കാണണം. അവിശ്വാസികളുടെ ഈ നിലപാട് പ്രവാചകനെ വല്ലാതെ വ്യഥിതനാക്കിയിരുന്നു.

ഈ സാഹചര്യത്തിൽ പ്രവാചകനെ സമാശ്വസിപ്പിച്ചുകൊണ്ട് ഈ സൂറ അവതരിച്ചു. ആര് എങ്ങനെയൊക്കെ നിഷേധിച്ചാലും പ്രവാചകൻ ജനങ്ങളെ പ്രബോധനം ചെയ്യുന്നത് ദൈവികസന്ദേശം തന്നെയാണെന്നും ആളുകൾ അതു തള്ളിക്കളയുന്നതിന് പ്രവാചകൻ ഉത്തരവാദിയല്ലെന്നും അതിനാൽ ആളുകളുടെ ധിക്കാരത്തിൽ മനംനൊന്ത് പ്രവാചകൻ സ്വയം നശിക്കേണ്ടതില്ലെന്നും ഉണർത്തിക്കൊണ്ടാണ് സൂറ തുടങ്ങുന്നത്. മറ്റു മക്കീ സൂറകളെപ്പോലെ ഇതിന്റെയും മുഖ്യപ്രമേയം അല്ലാഹുവിന്റെ ഏകത്വവും ദൈവ ദൂതന്മാരുടെ നിയോഗവും മനുഷ്യന്റെ മരണാനന്തര ഗതിയുമാകുന്നു.

ആമുഖ സൂക്തങ്ങൾക്കു ശേഷം, ദിവ്യാത്ഭുത ദൃഷ്ടാന്തങ്ങൾ പ്രത്യക്ഷപ്പെടുത്തണമെന്ന അവിശ്വാസികളുടെ ദുശ്ശാഠ്യത്തെ മുൻനിർത്തിയാണ് പ്രഭാഷണം തുടരുന്നത്. വിശ്വസിക്കാൻ ദൃഷ്ടാന്തങ്ങൾ കാണണമെന്നുള്ളവർക്ക് തങ്ങൾക്കു ചുറ്റും എണ്ണമറ്റ ദൃഷ്ടാന്തങ്ങൾ കാണാവുന്നതാണ്. അവരുടെ മുന്നിലുള്ള ഓരോ പുൽക്കൊടിയും

സത്യാന്വേഷണ വാഞ്ഛയോടെ നിരീക്ഷിക്കുന്നവർക്ക് അതിൽനിന്ന് അല്ലാഹുവിനെയും അവന്റെ കഴിവിനെയും ഏകത്വത്തെയുമെല്ലാം വായിച്ചെടുക്കാവുന്നതേയുള്ളൂ. ഈ യാളുകൾ പക്ഷേ യഥാർഥത്തിൽ ചെയ്യുന്നത് വിശ്വസിക്കാൻ തെളിവു തേടുകയല്ല; വിശ്വസിക്കാതിരിക്കാൻ ഉപായങ്ങൾ തേടുകയാണ്. ദൃഷ്ടാന്തങ്ങളുടെ കുറവുകൊണ്ടല്ല, മറിച്ച് സത്യം എന്തായാലും ശരി തങ്ങളുടെ പാരമ്പര്യ ആചാരങ്ങളെയും അന്ധവിശ്വാസങ്ങളെയും സംരക്ഷിച്ചേ തീരൂ എന്ന വാശി കൊണ്ടാണവർ പ്രവാചകസന്ദേശം തള്ളിക്കളയുന്നത്.

അവർ തേടുന്നതും അതിലപ്പുറവുമുള്ള ദിവ്യാത്ഭുതങ്ങൾ പ്രത്യക്ഷപ്പെടുത്താൻ അല്ലാഹുവിന് പ്രയാസമൊന്നുമില്ല. ദിവ്യാത്ഭുതങ്ങൾ പ്രത്യക്ഷപ്പെടുത്തണമെങ്കിൽ അത് എപ്പോൾ എവിടെ എങ്ങനെ പ്രത്യക്ഷപ്പെടുത്തണമെന്ന് അല്ലാഹു തീരുമാനിക്കും. ആവശ്യപ്പെടുന്നവർക്കൊക്കെ കാട്ടിക്കൊടുക്കാനുള്ളതല്ല ദിവ്യാത്ഭുതം. പ്രവാചകൻ ആവശ്യപ്പെട്ടാൽ പോലും അല്ലാഹു ഉദ്ദേശിക്കുന്നില്ലെങ്കിൽ അതു പ്രത്യക്ഷപ്പെടുകയില്ല. വിശ്വാസത്തെ അനിവാര്യമാക്കുന്ന ഒന്നല്ല ദിവ്യാത്ഭുതം. ദിവ്യാത്ഭുതം കണ്ടാലും ചിലർ വിശ്വാസികളാവുകയില്ല. ചിലർക്ക് അതു കണ്ട ശേഷം വിശ്വസിക്കാൻ അവസരം ലഭിക്കണമെന്നുമില്ല. അത്ഭുതം കണ്ട് വിസ്മയിച്ചിട്ടല്ല സത്യവിശ്വാസം കൈക്കൊള്ളേണ്ടത്; ബുദ്ധിപരമായ തെളിവുകളിലൂടെയും ന്യായങ്ങളിലൂടെയും ബോധ്യപ്പെട്ടിട്ടാണ്. വിശുദ്ധ ഖുർആന്റെ സന്ദേശങ്ങളും അത് പ്രബോധനം ചെയ്യുന്ന പ്രവാചകന്റെ വിശുദ്ധ ജീവിതവും അവർക്കു മുമ്പിൽ അവതരിപ്പിക്കുന്നത് അത്തരം തെളിവുകളാണ്.

പൂർവകാലത്ത് അല്ലാഹു നിരവധി പ്രവാചകവര്യന്മാരിലൂടെ ദിവ്യദൃഷ്ടാന്തങ്ങൾ പ്രത്യക്ഷപ്പെടുത്തിയിട്ടുണ്ട്. അവരുടെയൊക്കെ ജനം എന്നിട്ടും സത്യം സ്വീകരിക്കാൻ തയാറാവുകയുണ്ടായില്ല. നശിച്ചു നാമാവശേഷമാവുകയായിരുന്നു ആ ജനതകളുടെ ഗതി. അതിന് ചരിത്രത്തിൽ എത്രയോ ഉദാഹരണങ്ങളുണ്ട്. ജനങ്ങൾ ബുദ്ധിമാന്മാരെങ്കിൽ ചെയ്യേണ്ടത് തങ്ങളെ താക്കീതു ചെയ്യുന്ന ശിക്ഷയിങ്ങ് വന്നുകാണട്ടെ എന്നു വെല്ലുവിളിക്കുകയല്ല, മറിച്ച് ആ ശിക്ഷ ഒരിക്കലും തങ്ങളിൽ വന്നുഭവിക്കരുതേ എന്നു പ്രാർഥിച്ചുകൊണ്ട് അതിനെ പ്രതിരോധിക്കാനുള്ള മുൻകരുതലുകൾ സ്വീകരിക്കുകയാണ്. അങ്ങനെ ചെയ്യാതെ ശിക്ഷ ഇരന്നുവാങ്ങിയവരുടെ ഒട്ടേറെ ചരിത്രം ഈ സൂറ ഉദ്ധരിച്ചിരിക്കുന്നു. ആദ്യമായി പറയുന്നത് ഫറവോന്റെ നാശമാണ്. 10 മുതൽ 68 വരെ സൂക്തങ്ങൾ ആ ചരിത്രം വിസ്തരിച്ചിരിക്കുന്നു. 69 മുതൽ 79 വരെ സൂക്തങ്ങൾ പറയുന്നത് ഇബ്റാഹീം ചരിത്രമാണ്. തുടർന്ന് 69 മുതൽ 190 വരെ സൂക്തങ്ങളിൽ നൂഹ്, ഹൂദ്, സ്വാലിഹ്, ലൂത്വ്, ശുഐബ് തുടങ്ങിയ പ്രവാചകന്മാരുടെയും സമുദായങ്ങളുടെയും ചരിത്രങ്ങൾ വിവരിക്കുന്നു. മുമ്പ് പല സൂറകളിലായി സംക്ഷിപ്ത രൂപത്തിൽ പരാമർശിക്കപ്പെട്ടതുതന്നെയാണ് ഈ ചരിത്രങ്ങൾ. ഒടുവിൽ വിശുദ്ധ ഖുർആന്റെ ദൈവികതയും മഹത്വവും വീണ്ടും അനുസ്മരിച്ചുകൊണ്ടും അതിനെതിരെ ഉന്നയിക്കപ്പെടുന്ന വിമർശനങ്ങളുടെ പൊള്ളത്തരം വ്യക്തമാക്കിക്കൊണ്ടും സൂറ സമാപിക്കുന്നു. ഈ സൂറ *അൽഫുർഖാനി*നും *അന്നംലി*നും ഇടക്കായി വിന്യസിച്ചതിനു കാരണം ചില ഖുർആൻ വ്യാഖ്യാതാക്കൾ ഇങ്ങനെ വിശദമാക്കിയിരിക്കുന്നു: *അൽ ഫുർഖാനി*ന്റെ ഇണയായ സൂറയാണിത്. *അൽ ഫുർഖാൻ* സംഗ്രഹിച്ചു സൂചിപ്പിച്ചിട്ടുള്ള വിഷയങ്ങൾ വിസ്തരിച്ച് അവതരിപ്പിച്ചിരിക്കുകയാണീ സൂറ. ഉദാഹരണമായി *അൽ ഫുർഖാൻ* ചുരുങ്ങിയ വാക്കുകളിലവതരിപ്പിച്ച ചില പ്രവാചകന്മാരുടെയും ജനങ്ങളുടെയും കഥകൾ *അശ്ശുഅറാഅ്* വിശദമായി പറഞ്ഞിരിക്കുന്നു. രണ്ടു സൂറകളും ആരംഭിക്കുന്നത് വിശുദ്ധ ഖുർആനിനെ മഹത്വപ്പെടുത്തിക്കൊണ്ടാണ്; അവസാനിക്കുന്നത് സത്യനിഷേധികളെ താക്കീതു ചെയ്തുകൊണ്ടും. ●

بِسْمِ اللَّهِ الرَّحْمَٰنِ الرَّحِيمِ

പരമകാരുണികനും കരുണാവാരിധിയുമായ
അല്ലാഹുവിന്റെ നാമത്തില്‍

طسم ١

1. ത്വാ-സീന്‍-മീം.

സൂറകളുടെ തുടക്കത്തില്‍ വരുന്ന ഇത്തരം ഒറ്റ അക്ഷരങ്ങളെക്കുറിച്ച് സൂറ *അല്‍ബഖറ*യുടെയും തുടര്‍ന്നുള്ള പല സൂറകളുടെയും, ഒടുവില്‍ സൂറ *ത്വാഹാ*യുടെയും പ്രഥമസൂക്തത്തിനു താഴെ *ഖുര്‍ആന്‍ ബോധനം* ചര്‍ച്ച ചെയ്തിരിക്കുന്നു. طسم അറബി അക്ഷരമാലയിലെ മൂന്ന് അക്ഷരങ്ങളായി കണക്കാക്കുമ്പോള്‍ അവിടെ പറഞ്ഞ കാര്യങ്ങള്‍ ഇവിടെയും പ്രസക്തമാകുന്നു. എന്നാല്‍ 'ത്വാസീമ്മീം' ഒറ്റ അക്ഷരങ്ങളല്ല, ഒരു പദമാണെന്ന് ഇബ്‌നു അബ്ബാസ് പ്രസ്താവിച്ചിരിക്കുന്നു. അല്ലാഹുവിന്റെ നാമങ്ങളിലൊന്നാണത്. പ്രവാചകന്റെ പേരാണെന്ന് അഭിപ്രായപ്പെട്ടവരുമുണ്ട്. ദൈവനാമം എന്ന വീക്ഷണപ്രകാരം ആ നാമത്തില്‍ സത്യം ചെയ്യുകയാണിവിടെ. നാലാം സൂക്തത്തില്‍ പറയുന്ന 'നമുക്കു വേണമെങ്കില്‍ അവര്‍ക്കു മീതെ മാനത്തുനിന്ന് ഒരു ദൃഷ്ടാന്തമിറക്കാന്‍ കഴിയും' എന്നതാണ് സത്യം ചെയ്തുപറയുന്ന കാര്യം. ഇമാം ഖുര്‍ത്വുബി ഇതിനെ വിശദീകരിക്കുന്നതിങ്ങനെ: اقسم الله بطوله وسنائه وملكه (അല്ലാഹു സ്വന്തം കഴിവിനെയും തേജസ്സിനെയും ആധിപത്യത്തെയും സാക്ഷിയാക്കി സത്യം ചെയ്തിരിക്കുകയാണ്). അക്ഷരങ്ങള്‍ വാക്കുകളെ പ്രതിനിധീകരിക്കുന്നു എന്നു കരുതുന്നവരുടെ വീക്ഷണത്തില്‍ ഈ മൂന്നക്ഷരങ്ങള്‍ മൂന്ന് ദൈവ നാമങ്ങളെ സൂചിപ്പിക്കുന്നു. 'ത്വാഅ്' സര്‍വശക്തനെയും (ذُو الطَّوْل) 'സീന്‍' പരമ പരിശുദ്ധനെയും (القدّوس) 'മീം' ആധിപത്യത്തെയും മുല്‍ക്കിനെയും ( مُلْك ) കുറിക്കുന്നു. *ത്വാസീമ്മീം* ഖുര്‍ആന്റെ പേരുകളിലൊന്നാകുന്നു എന്നാണ് താബിഈ പണ്ഡിതനായ ഖതാദയുടെ വീക്ഷണം. ■

---

تِلْكَ آيَاتُ الْكِتَابِ الْمُبِينِ ٢

2. ഇത് സുവ്യക്തമായ വേദസൂക്തങ്ങളാകുന്നു.

**2**

تِلْكَ = അ(ഇ)ത് آيَاتُ الْكِتَابِ = വേദസൂക്തങ്ങളാകുന്നു الْمُبِينِ = സുവ്യക്തമായ

ഇത്- تِلْكَ -എന്നതുകൊണ്ടുദ്ദേശ്യം മുഹമ്മദ് നബി (സ) അദ്ദേഹത്തിന്റെ പ്രബോധിതരെ കേള്‍പ്പിക്കുന്ന വചനങ്ങളാണ്. آيَاتُ കൊണ്ട് ഇവിടെ സൂചിപ്പിക്കുന്നത് വേദവചനങ്ങളെ-സൂക്തങ്ങളെ-ആണ്. 'അല്‍ കിതാബ്' വിശുദ്ധ ഖുര്‍ആന്‍ തന്നെ. مُبِين ഖുര്‍ആനിന്റെ വിശേഷണമാണ്. ഈ സന്ദര്‍ഭത്തില്‍ ഇതിനു രണ്ടു താല്‍പര്യങ്ങളുണ്ട്; ഒന്ന്, ഈ വേദം ശുദ്ധവും സുന്ദരവും സുഗ്രാഹ്യവുമായ ഭാഷയില്‍ പ്രമേയങ്ങള്‍ സുവ്യക്തമായി അവതരിപ്പിക്കുന്നു. ഈ ഗുണങ്ങള്‍ തന്നെ അവ മര്‍ത്യവിരചിതമല്ലെന്നും ദൈവികമാണെന്നും അസന്ദിഗ്ധമായി തെളിയിക്കുന്നു. രണ്ട്, ഈ വേദം സത്യാസത്യങ്ങളെയും ധര്‍മാധര്‍മങ്ങളെയും കൃത്യമായി വേര്‍തിരിച്ചു വെളിപ്പെടുത്തിത്തരുന്നു. പ്രതിയോഗികള്‍ കവിതയെന്നും ജോത്സ്യശ്ലോകങ്ങളെന്നും ഭ്രാന്തജല്‍പനങ്ങളെന്നുമൊക്കെ ആക്ഷേപിച്ചുകൊണ്ട് അതിന്റെ സന്ദേശം തള്ളിക്കളയുന്നതില്‍ വ്യഥിതനായ പ്രവാചകനെ സമാധാനിപ്പിച്ചുകൊണ്ട് അല്ലാഹു പറയുകയാണ്:

പ്രവാചകന്‍ ജനങ്ങളെ പ്രബോധനം ചെയ്യുന്നത് വേദസൂക്തങ്ങള്‍ തന്നെയാകുന്നു. അതിന്റെ ഭാഷയും ശൈലിയും അതുള്‍ക്കൊള്ളുന്ന പ്രമേയങ്ങളും അക്കാര്യം തെളിയിക്കുന്നുണ്ട്. സത്യാസത്യങ്ങളും ധര്‍മാധര്‍മങ്ങളും വ്യക്തമായി വേര്‍തിരിച്ചു വെളിപ്പെടുത്തുന്നതുമാണ് ഈ സൂക്തങ്ങള്‍. അതു സത്യമാണെന്നതിനും ദൈവികമാണെന്നതിനും അതുതന്നെ മതിയായ സാക്ഷ്യമാകുന്നു. അവിശ്വാസികള്‍ ആവശ്യപ്പെടുന്നതുപോലെ പുറമെനിന്നുള്ള ദൃഷ്ടാന്തത്തിന്റെ പിന്തുണയൊന്നും അതിനാവശ്യമില്ല. ദൈവിക സൂക്തങ്ങളായതുകൊണ്ട് ജനം അത് കേട്ട പാടേ സ്വീകരിച്ചുകൊള്ളുമെന്ന് കരുതേണ്ട. ദുഷ്ടമനസ്സുകളും വക്രബുദ്ധികളും എപ്പോഴും അതിനെ എതിര്‍ത്തുകൊണ്ടും ആക്ഷേപിച്ചുകൊണ്ടുമിരിക്കും. സദ്ബുദ്ധിയുള്ള സുമനസ്സുകളേ ദൈവിക സന്ദേശത്തിന് ചെവികൊടുക്കാന്‍ സന്നദ്ധരാവൂ. ദുഷ്ടജനത്തിന്റെ വിരോധം തന്നെ ഈ സന്ദേശത്തിന്റെ സത്യതയാണ് സാക്ഷ്യപ്പെടുത്തുന്നത്. അതുകൊണ്ട് പ്രതിയോഗികളുടെ ആക്ഷേപങ്ങളും കുതര്‍ക്കങ്ങളും അവഗണിച്ചേക്കുക. അവരുടെ ദ്രോഹങ്ങള്‍ ക്ഷമയോടെ തരണം ചെയ്ത് മുന്നോട്ടുപോവുക. ■

3. പ്രവാചകാ, ജനം വിശ്വാസികളാകാത്ത തിനെച്ചൊല്ലി നീ സ്വയം ഹനിച്ചേക്കും.

## لَعَلَّكَ بَاخِعٌ نَفْسَكَ أَلَّا يَكُونُوا مُؤْمِنِينَ ٣

**3**

لَعَلَّكَ بَاخِعٌ نَفْسَكَ= നീ നിന്നെത്തന്നെ കശാപ്പുചെയ്തു കളഞ്ഞേക്കും (സ്വയം ഹനിച്ചേക്കും)

أَلَّا يَكُونُوا مُؤْمِنِينَ= അവർ വിശ്വാസികളായിത്തീരാത്തതിന് (ജനം വിശ്വാസികളാകാത്തതിനെച്ചൊല്ലി)

ഈ സൂക്തത്തിന്റെ ആശയം കുറച്ചുകൂടി വിശദമായ വാക്കുകളിൽ സൂറ *അൽകഹ്ഫിൽ* അവതരിപ്പിച്ചിട്ടുണ്ട്.

فَلَعَلَّكَ بَاخِعٌ نَفْسَكَ عَلَىٰ آثَارِهِمْ إِنْ لَمْ يُؤْمِنُوا بِهَٰذَا الْحَدِيثِ أَسَفًا ﴿٦﴾

(ജനം ഈ സന്ദേശത്തിൽ വിശ്വസിക്കുന്നില്ലെങ്കിൽ നീ അവർക്കു പിറകെ ദുഃഖപാരവശ്യത്താൽ ജീവൻ കളഞ്ഞേക്കും-18:6) എന്നാണ് അവിടെ പ്രസ്താവിച്ചിരിക്കുന്നത്. لَعَلَّكَ بَاخِعٌ نَفْسَكَ എന്ന പ്രയോഗത്തിന്റെ അർഥവിശകലനവും ആളുകളുടെ സത്യനിഷേധത്തിന്റെ പേരിൽ പ്രവാചകൻ ദുഃഖപരവശനാകുന്നതെന്തുകൊണ്ടാണെന്ന കാര്യവും പ്രസ്തുത സൂക്തത്തിനു താഴെ *ഖുർആൻ ബോധനം* വിശദമാക്കിയിരിക്കുന്നു. ഈ സന്ദർഭത്തിൽ അല്ലാഹു പ്രവാചകനെ ഉണർത്തുന്ന കാര്യമിതാണ്: എത്രയൊക്കെ പരിശ്രമിച്ചിട്ടും ജനം ഈ ഖുർആൻ സ്വീകരിക്കാൻ കൂട്ടാക്കാതെ പുഛിച്ചുതള്ളുന്നതിൽ മനംനൊന്ത് പ്രവാചകന്റെ ജീവൻ അപകടത്തിലായേക്കുമോ എന്ന അവസ്ഥയിലെത്തിയിരിക്കുന്നു. ഇങ്ങനെ അമിതമായി കുണ്ഠിതപ്പെടേണ്ട കാര്യമില്ല. പ്രവാചകൻ പ്രബോധകൻ മാത്രമാകുന്നു. സന്ദേശം എത്തിച്ചുകൊടുക്കുക-പ്രബോധനം ചെയ്യുക-മാത്രമാകുന്നു പ്രബോധകന്റെ ഉത്തരവാദിത്തം. ആളുകൾ അത് തള്ളുകയോ കൊള്ളുകയോ ചെയ്യുന്നതിൽ അദ്ദേഹത്തിന് ഒരുത്തരവാദിത്തവുമില്ല وَإِنْ تَوَلَّوْا فَإِنَّمَا عَلَيْكَ الْبَلَاغُ (അവർ പിന്തിരിഞ്ഞുപോകുന്നുവെങ്കിൽ പൊയ്ക്കൊള്ളട്ടെ, സന്ദേശം എത്തിച്ചുകൊടുക്കുക മാത്രമാകുന്നു നിന്റെ ചുമതല-3:20). അല്ലാഹു എല്ലാവർക്കും സത്യം സ്വീകരിക്കാനും തിരസ്കരിക്കാനും സ്വാതന്ത്ര്യം നൽകിയിരിക്കുന്നു. അതുകൊണ്ട് അവർ ഭിന്നിച്ചുകൊണ്ടിരിക്കും. അതവരുടെ പ്രകൃതിയാണ്. അല്ലാതെ പ്രബോധകന്റെ വീഴ്ചയല്ല.

وَلَوْ شَاءَ رَبُّكَ لَجَعَلَ النَّاسَ أُمَّةً وَاحِدَةً ۖ وَلَا يَزَالُونَ مُخْتَلِفِينَ ﴿١١٨﴾ إِلَّا مَنْ رَحِمَ رَبُّكَ ۚ وَلِذَٰلِكَ خَلَقَهُمْ ۗ

(നിന്റെ നാഥനു വേണമെങ്കിൽ മർത്യരെയൊക്കെയും ഒരൊറ്റ സമുദായമാക്കാമായിരുന്നു. എന്നാൽ അവർ ഭിന്നിച്ചുകൊണ്ടേയിരിക്കുന്നു. നിന്റെ നാഥൻ കരുണചെയ്തവരൊഴിച്ച്-അതിനാണവരെ സൃഷ്ടിച്ചത്-11:118,119).

أَفَمَنْ زُيِّنَ لَهُ سُوءُ عَمَلِهِ فَرَآهُ حَسَنًا ۖ فَإِنَّ اللَّهَ يُضِلُّ مَنْ يَشَاءُ وَيَهْدِي مَنْ يَشَاءُ ۖ فَلَا تَذْهَبْ نَفْسُكَ عَلَيْهِمْ حَسَرَاتٍ ۚ إِنَّ اللَّهَ عَلِيمٌ بِمَا يَصْنَعُونَ ﴿٨﴾

(സ്വന്തം ദുഷ്കർമങ്ങളിൽ കൗതുകപ്പെട്ട് അവയെ വിശിഷ്ട നടപടികളായി കാണുന്നവൻ ദൈവകാരുണ്യത്തിൽനിന്ന് അകന്നുപോയിരിക്കുന്നു. അല്ലാഹു അവനുദ്ദേശിക്കുന്നവരെ വഴിതെറ്റിക്കുന്നു. ഉദ്ദേശിച്ചവരെ നേർവഴിക്കു നയിക്കുന്നു. അതിനാൽ അവരുടെ കാര്യത്തിൽ കുണ്ഠിതപ്പെട്ട് പ്രവാചകൻ ജീവൻ കളയേണ്ടതില്ല. അവർ നിർമിക്കുന്നതൊക്കെയും അല്ലാഹു അറിയുന്നുണ്ട്-35:8). ആരെയും നിർബന്ധിച്ച് വിശ്വസിപ്പിക്കുക പ്രബോധകന്റെ ദൗത്യമല്ല. എല്ലാ മനുഷ്യരും സത്യവിശ്വാസികൾ തന്നെ ആയിക്കൊള്ളണമെന്ന് അല്ലാഹുവിനു നിർബന്ധമില്ല. ഉണ്ടായിരുന്നുവെങ്കിൽ അതു സാധിക്കാൻ പ്രബോധകന്മാരെ നിയോഗിക്കേണ്ട കാര്യമുണ്ടായിരുന്നില്ല. അവിശ്വസിക്കാനുള്ള സ്വാതന്ത്ര്യം എടുത്തുകളഞ്ഞാൽ തന്നെ എല്ലാവരും വിശ്വാസികളായിത്തീരുമായിരുന്നു.

وَلَوْ شَاءَ رَبُّكَ لَآمَنَ مَنْ فِي الْأَرْضِ كُلُّهُمْ جَمِيعًا ۚ أَفَأَنْتَ تُكْرِهُ النَّاسَ حَتَّىٰ يَكُونُوا مُؤْمِنِينَ ﴿٩٩﴾

(നിന്റെ നാഥൻ ഉദ്ദേശിച്ചിരുന്നുവെങ്കിൽ ഭൂമിയിലുള്ളവരൊക്കെയും ഒന്നടങ്കം വിശ്വസിക്കുമായിരുന്നു. അവൻ അങ്ങനെ നിശ്ചയിച്ചിട്ടില്ലെന്നിരിക്കെ വിശ്വാസികളാകാൻ ആളുകളെ നീ നിർബന്ധിക്കുകയോ?!-10:99).

فَذَكِّرْ إِنَّمَا أَنْتَ مُذَكِّرٌ ﴿٢١﴾ لَسْتَ عَلَيْهِمْ بِمُصَيْطِرٍ ﴿٢٢﴾

(ആകയാൽ പ്രബോധനം ചെയ്തുകൊണ്ടിരിക്കുക, പ്രബോധകൻ മാത്രമാകുന്നു നീ. അവരെ കീഴടക്കുന്ന അധിപതിയല്ല-88:21,22). ഗുണകാംക്ഷയോടെ സമാധാനപരമായി പ്രബോധനം ചെയ്തിട്ട് ആളുകൾ സ്വീകരിക്കുന്നില്ലെങ്കിൽ അത് ഈ സന്ദേശത്തിന്റെയോ അതു പ്രബോധനം ചെയ്യുന്നവരുടെയോ കുറ്റമല്ല. പ്രബോധിതരുടെ തന്നെ കുറ്റമാണ്. സത്യം അന്വേഷിക്കാനും കണ്ടെത്താനും താൽപര്യമില്ലാതെ, ഭൗതികാസക്തികളിലും അന്ധവിശ്വാസങ്ങളിലും മുൻധാരണകളിലും ആമഗ്നമായ അനാചാര ജീവിതം നയിക്കുന്നവർ അതിനെതിരായ യാഥാർഥ്യങ്ങളെ തള്ളിക്കളയാൻ പലവിധ കുതർക്കങ്ങളും ദുർന്യായങ്ങളും ഉന്നയിച്ചുകൊണ്ടിരിക്കും. അതിലൊന്നും പ്രബോധകൻ ബേജാറാവേണ്ടതില്ല. സന്ദേശം പ്രചരിപ്പിച്ചുകൊണ്ടിരിക്കുക മാത്രമേ അദ്ദേഹം ചെയ്യേണ്ടതുള്ളൂ. അതിന്റെ ഫലഭാഗം അല്ലാഹുവിനു വിട്ടേക്കുക. അന്ത്യപ്രവാചകൻ തന്റെ ദൗത്യം നിർവഹിച്ചിട്ടുണ്ടെന്നും നിർവഹിച്ചുകൊണ്ടേയിരിക്കുന്നുവെന്നും അല്ലാഹു നന്നായി അറിയുന്നുണ്ട്. അതർഹിക്കുന്ന ഫലം അവൻ നൽകുകയും ചെയ്യും. പിന്നെ ചില വക്രബുദ്ധികളും ദുഷ്ടമനസ്സുകളും അവിശ്വാസത്തിൽ തുടരുന്നതോർത്ത് പ്രബോധകൻ കുണ്ഠിതപ്പെടുന്നതെന്തിന്?! ■